2026
APRIL
25
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY




# സൂര്യാഘാതം : ജാഗ്രതാവേണമെന്ന് ആരോഗ്യവകുപ്പ്



**കൊച്ചി:** അന്തരീക്ഷ താപം ക്രമാതീതമായി വർദ്ധിക്കുന്നത് മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾക്കെതിരെ പ്രത്യേക ശ്രദ്ധ വേണമെന്ന് ആരോഗ്യവകുപ്പിന്റെ മുന്നറിയിപ്പ്. വെയിലേൽക്കുന്നത് മൂലം ശരീരത്തിൽ ഹീറ്റ് റാഷ് ഉണ്ടാകുക, പേശിവലിവ്, താപശരീരശോഷണം എന്നിവ സാധാരണമായി കണ്ടുവരുന്നു. പ്രായമുള്ളവർ, രക്തസമ്മർദ്ദം പോലെ മറ്റു രോഗങ്ങൾക്ക് ചികിത്സയിലിരിക്കുന്നവർ കുട്ടികൾ, ഗർഭിണികൾ, ഭിന്നശേഷിക്കാർ കിടപ്പുരോഗികൾ തുടങ്ങിയവർ പ്രത്യേകം ശ്രദ്ധിക്കണം. തിരക്കുള്ള ഇടങ്ങൾ, ആഹാര പാനീയ ലഭ്യത ഇല്ലാതിരിക്കുക, നേരിട്ട് വെയിൽ ഏൽക്കുക ഇവയൊക്കെ അപകടസാധ്യത കൂടിയവർക്ക് താപാനുബന്ധ രോഗ സാധ്യത വർദ്ധിപ്പിക്കാൻ ഇടയാകുന്നു.

അമിതമായ വിയർപ്പ്, കഠിനമായ ക്ഷീണം, തലവേദന, തലകറക്കം, പേശിവലിവ്, ഓക്കാനം, ഛർദ്ദി തുടങ്ങിയവ താപശരീര ശോഷണത്തിന് പ്രാരംഭ ലക്ഷണങ്ങളാണ്. വിയർപ്പിലൂടെ ധാരാളം വെള്ളവും ലവണങ്ങളും നഷ്ടപ്പെടുന്നത് കൊണ്ടാണ് ഇങ്ങനെ ഉണ്ടാകുന്നത്.എന്നാൽ അന്തരീക്ഷ താപം ഒരു പരിധിയിൽ കൂടുകയോ കഠിനമായ വെയിൽ നേരിട്ട് ഏൽക്കുകയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന അവസ്ഥയാണ് സൂര്യാഘാതം. ശക്തി കുറഞ്ഞതും വേഗതയിലുമുള്ള നാഡിയിടുപ്പ്, ശക്തിയായ തലവേദന, തലകറക്കം, ഉയർന്ന ശരീരോഷ്മാവ്, വറ്റി വരണ്ട ചുവന്ന ചർമം, മാനസികാവസ്ഥയിലുള്ള മാറ്റങ്ങൾ, അബോധാവസ്ഥ എന്നിവ സൂര്യാഘാതത്തിന്റെ ലക്ഷണങ്ങളാണ്. സൂര്യാഘാത ലക്ഷണങ്ങൾ ഉണ്ടായാൽ എത്രയും പെട്ടെന്ന് ചികിത്സ വേണ്ടിവരും. എത്രയും വേഗം ആശുപത്രിയിൽ പോകേണ്ടതാണ്. ആശുപത്രിയിലേക്കുള്ള യാത്രാമധ്യേ തണുത്ത വെള്ളം കൊണ്ട് ദേഹം നനച്ച് തുടച്ച് തണുപ്പിക്കുക.

പകൽ 11 നും മൂന്നു മണിക്കും ഇടയിലുള്ള വെയിൽ നേരിട്ട് ഏൽക്കാതിരിക്കുക. തൊഴിൽ സാഹചര്യമായി ബന്ധപ്പെട്ട് വെയിൽ ഏൽക്കേണ്ടവർ തൊഴിൽ സമയം ക്രമീകരിക്കുക. കിടപ്പുരോഗികളിൽ നിർജലീകരണം ഒഴിവാക്കുന്നതിന് ഇടയ്ക്കിടെ തിളപ്പിച്ചാറിയ വെള്ളം കൊടുക്കാൻ ശ്രദ്ധിക്കുക.

രക്തസമ്മർദ്ദത്തിൽ വ്യതിയാനങ്ങൾ ഉണ്ടായാൽ ഡോക്ടറുടെ സേവനം തേടുക. ഇരുചക്ര വാഹനങ്ങളിൽ ഭക്ഷണം വിതരണം ചെയ്യുന്ന ജോലിചെയ്യുന്നവർ വെയിൽ നേരിട്ട് ഏൽക്കാതിരിക്കാൻ ഉള്ള എല്ലാ മുൻകരുതലുകളും കൃത്യമായി സ്വീകരിക്കണം.

ഇടയ്ക്കിടെ വെള്ളം കുടിക്കുന്നതും വിശ്രമവും ഉറപ്പാക്കുക. പൊലീസ് ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ തുടങ്ങിയവർ വെയിൽ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുക. നിർജലീകരണം ഒഴിവാക്കുക. ഇടയ്ക്കിടെ വിശ്രമിക്കുക. പൊതു പരിപാടികളും സമ്മേളനങ്ങളും പകൽ 11 മണിക്കും മൂന്നു മണിക്കും ഇടയിൽ പരമാവധി ഒഴിവാക്കുക. തീ പിടിക്കുന്ന സാധ്യതകൾക്കെതിരെ ജാഗ്രത പുലർത്തണമെന്നും ആരോഗ്യവകുപ്പ് അധികൃതർ അറിയിച്ചു.

# പിഎൻജി കണക്ഷനുള്ളവർ എൽപിജി സറണ്ടർ ചെയ്യണം

**തിരുവനന്തപുരം:** പൈപ്പ്ഡ് നാച്ചുറൽ ഗ്യാസ് (പിഎൻജി) കണക്ഷൻ ലഭിച്ച ഉപഭോക്താക്കൾ തങ്ങളുടെ കൈവശമുള്ള എൽപിജി കണക്ഷനുകൾ അടിയന്തരമായി സറണ്ടർ ചെയ്യണമെന്ന് സിവിൽ സപ്ലൈസ് കമ്മീഷണർ അറിയിച്ചു. പശ്ചിമേഷ്യയിലെ യുദ്ധസാഹചര്യത്തിൽ രാജ്യവ്യാപകമായി എൽപിജി വിതരണത്തിന് ചില നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും നിലനിൽക്കുന്ന പശ്ചാത്തലത്തിലാണ് ഈ നടപടി. കേന്ദ്ര പെട്രോളിയം പ്രകൃതി വാതക മന്ത്രാലയത്തിന്റെ മാർച്ച് 14ലെ ഗസറ്റ് വിജ്ഞാപന പ്രകാരമാണ് പുതിയ നിർദേശം പുറപ്പെടുവിച്ചിരിക്കുന്നത്. പൈപ്പ് ലൈൻ വഴി പ്രകൃതി വാതകം ലഭ്യമായിട്ടുള്ളവർ പുതിയ എൽപിജി കണക്ഷൻ എടുക്കാനോ, നിലവിലുള്ള സിലിണ്ടറുകൾ റീഫിൽ ചെയ്യാനോ പാടില്ല. ഇത്തരത്തിൽ പിഎൻജി കണക്ഷൻ ഉപയോഗിക്കുന്ന ഉപഭോക്താക്കൾ 15 ദിവസത്തിനകം തങ്ങളുടെ എൽപിജി കണക്ഷൻ സറണ്ടർ ചെയ്യേണ്ടതാണ്. കണക്ഷൻ സറണ്ടർ ചെയ്യുന്നതിനായി https://mypngd.in എന്ന വെബ് പോർട്ടൽ ഉപയോഗിക്കുകയോ അല്ലെങ്കിൽ ബന്ധപ്പെട്ട എൽപിജി ഡിസ്ട്രിബ്യൂട്ടറെ നേരിട്ട് അറിയിക്കുകയോ ചെയ്യാമെന്ന് സിവിൽ സപ്ലൈസ് കമ്മീഷണർ അറിയിച്ചു.

# പെട്രോൾ, ഡീസൽ വിൽപ്പനയിൽ 13% വളർച്ചയെന്ന് ഐ.ഒ.സി

**കൊച്ചി:** രാജ്യത്തുടനീളമുള്ള ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ എല്ലാ വിതരണ ചാനലുകളിലും പെട്രോളിന്റെയും (എംഎസ്) ഡീസലിന്റെയും (എച്ച്എസ്ഡി) ലഭ്യത സാധാരണ നിലയിലും തടസ്സമില്ലാതെയും തുടരുമെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ അറിയിച്ചു. ഈ മാസം ഒന്ന് മുതൽ 21 വരെയുള്ള കാലയളവിൽ റീട്ടെയിൽ ഔട്ട്ലെറ്റുകൾ വഴിയുള്ള പെട്രോൾ (എംഎസ്), ഡീസൽ (എച്ച്എസ്ഡി) വിൽപ്പന 13% ൽ കൂടുതൽ വളർച്ച രേഖപ്പെടുത്തിയതായും ഐഒസി വാർത്താക്കുറിപ്പിൽ വ്യക്തമാക്കി. ശക്തമായ ലോജിസ്റ്റിക്സിന്റെയും വിതരണ ശൃംഖലയുടെയും പിന്തുണയുള്ള 42,000ത്തിലധികം ഇന്ധന സ്റ്റേഷനുകളുടെ വിപുലമായ വിതരണ ശൃംഖലയിലൂടെ ഈ വർദ്ധിച്ച ആവശ്യം കാര്യക്ഷമമായി നിറവേറ്റാൻ കഴിഞ്ഞതായും ഇത് രാജ്യത്തിന്റെ ഊർജ്ജ ആവശ്യങ്ങൾ തടസ്സമില്ലാതെ സ്ഥിരമായി നിറവേറ്റാൻ പ്രാപ്തരാക്കുന്നതായും കമ്പനി വ്യക്തമാക്കി. രാജ്യത്തിന് തടസ്സമില്ലാത്ത ഊർജ്ജ ലഭ്യത ഉറപ്പാക്കിക്കൊണ്ട് സുതാര്യവും വിശ്വസനീയവുമായ പ്രവർത്തനങ്ങൾക്ക് ഇന്ത്യൻ ഓയിൽ പ്രതിജ്ഞാബദ്ധമാണെന്നും അഭ്യൂഹങ്ങളിൽ വീഴാതെ ഔദ്യോഗിക ആശയവിനിമയങ്ങളെ മാത്രം ആശ്രയിക്കാനും കമ്പനി പത്രക്കുറിപ്പിൽ വ്യക്തമാക്കി.

# സ്കൂളുകളിലെ പരിശീലനങ്ങൾ രാവിലെ 10.30 ന് അവസാനിപ്പിക്കണം: ബാലാവകാശ കമ്മിഷൻ

**തിരുവനന്തപുരം:** സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തുന്ന പരിശീലനങ്ങൾ രാവിലെ 10.30 ന് അവസാനിപ്പിക്കണമെന്ന് ബാലാവകാശ കമ്മിഷൻ ഉത്തരവായി. കുട്ടികളുടെ കളികൾ, എൻ സി സി, എസ്.പി.സി സ്കൗട്ട്സ് ആന്റ് ഗൈഡ്സ് പരേഡ്, പരിശീലനം, അസ്സംബ്ലി, വിനോദയാത്രകൾ തുടങ്ങിയവ പൂർണ്ണമായും ഒഴിവാക്കുന്നതിനാണ് കമ്മിഷൻ ചെയർപേഴ്സൺ കെ.വി. മനോജ്കുമാർ, അംഗങ്ങളായ ഷാജേഷ് ഭാസ്കർ, ഡോ.വിൽസൺ എന്നിവരുടെ ഫുൾ ബഞ്ച് ഉത്തരവായത്. വിവിധ പരിശിലനങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് സ്കൂൾ യൂണിഫോം ധരിക്കുന്നതിൽ താല്ക്കാലിക ഇളവ് നൽകി സൗകര്യപ്രദമായ വസ്ത്രം ധരിക്കുന്നതിനും അനുവദിക്കണം. പരിശീലനങ്ങൾ രാവിലെ മുതൽ വൈകിട്ട് വരെ നടത്തുന്നതും കുട്ടികളെ യൂണിഫോം ധരിപ്പിക്കുന്നതും കടുത്ത ബാലാവകാശ ലംഘനമായി കമ്മിഷൻ കാണുന്നു. കനത്തചൂട് കുട്ടികളിൽ ദേഹാസ്വാസ്ഥ്യം, ക്ഷീണം, നിർജ്ജലീകരണം, തലചുറ്റൽ തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടാകാൻ കാരണമാകും. നിലവിലെ ചൂട് കുറയുന്നതുവരെ സ്കൂൾ യൂണിഫോം നിർബന്ധമാക്കരുത്. സൗകര്യപ്രദമായ വസ്ത്രം ധരിച്ച് പരിശീലനങ്ങളിൽ പങ്കെടുക്കുവാൻ അനുമതി നൽകണം എന്ന തിരുവനന്തപുരം, മലപ്പുറം സ്വദേശികളുടെ പരാതിയിന്മേലാണ് കമ്മിഷൻ ഉത്തരവ്. നിർദ്ദേശങ്ങൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ, എസ്.പി.സി സ്റ്റേറ്റ് നോഡൽ ഓഫീസർ, എൻ സി സി അഡിഷണൽ ഡയറക്ടർ ജനറൽ, സ്കൗട്ട്സ് ആന്റ് ഗൈഡ്സ് ചീഫ് കമ്മീഷണർ എന്നിവർ നടപ്പിലാക്കേണ്ടതാണ്. ഉത്തരവിൽ സ്വീകരിച്ച നടപടി റിപ്പോർട്ട് 2012ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷനുകൾ ചട്ടങ്ങളിലെ, ചട്ടം 45 പ്രകാരം 15 ദിവസത്തിനകം കമ്മിഷനെ അറിയിക്കണം.



# ഇന്നത്തെ പരിപാടി

## കൊച്ചി

■ **എറണാകുളം ടൗൺ ഹാൾ :** സ്റ്റേറ്റ് പോലീസ് പെൻഷനേഴ്സ് വെൽഫെയർ അസോസിയേഷൻ കൊച്ചി സിറ്റി സമ്മേളനവും കുടുംബസംഗമവും രാവിലെ 10ന്. പൊതുസമ്മേളനം ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. പ്രതിനിധി സമ്മേളനം ടി.ജെ. വിനോദ് എം.എൽ.എ. ഉദ്ഘാടനം ചെയ്യും.

■ **എളമക്കര പേരൂർ സെന്റ് ജോർജ് പള്ളി :** തിരുനാൾ രാവിലെ 8ന് വിശുദ്ധ രക്തസാക്ഷികളുടെ നൊവേന, വൈകിട്ട് 5ന് ദിവ്യബലി, പ്രസംഗം, പ്രദക്ഷിണം.

■ **പെരുമാനൂർ സെന്റ് ജോർജ് പള്ളി :** വിശുദ്ധ ഗീവർഗീസിന്റെ കൊമ്പ്രേര്യ തിരുനാൾ രാവിലെ 6 നും വൈകിട്ട് 6നും കുർബാന.

■ **പനമ്പിള്ളി നഗർചൈൽഡ് കെയർ സെന്റർ :** പഠന വൈകല്യ നിർണയ നിവാരണ ക്യാമ്പ് 6 മുതൽ 13 വയസ്സുവരെയുള്ള കുട്ടികൾക്കായി രാവിലെ 10 മുതൽ.

■ **എറണാകുളം ശ്രീ അയ്യപ്പൻ കോവിൽ :** ശ്രീമദ് ഭാഗവത സപ്താഹയജ്ഞം സമൂഹപ്രാർത്ഥന, കീർത്തനം, ഗ്രന്ഥ നമസ്കാരം രാവിലെ 6.30ന്, 7ന് ഭാഗവതപാരായണ സമാരംഭം, ഉച്ചയ്ക്ക് 1ന് അന്നദാനം, വൈകിട്ട് 7ന് ആചാര്യ പ്രഭാഷണം.

## മൂവാറ്റുപുഴ

■ **മാറാടി സെന്റ് മാർക്സ് സി.എസ്.ഐ പള്ളി :** പ്രതിഷ്ഠാദിന പെരുന്നാളും ബൈബിൽ കൺവൻഷനും രാവിലെ 10.30ന് ആരാധന, ഒന്നിന് സ്നേഹവിരുന്ന്, വൈകിട്ട് 6ന് സംഗീതവിരുന്ന്, ആരാധന, പ്രസംഗം.

## അങ്കമാലി

■ **കിടങ്ങൂർ പവിഴപൊങ്ങ് സെന്റ് ജോർജ്ജ് പള്ളി :** ഗിവർഗീസ് സഹദായുടെ തിരുന്നാൾ വൈകിട്ട് 6.30ന് വികാരി. ഫാ. ഗീവർഗീസ് മണ്ണാറമ്പിൽ കൊടികയറ്റും, ഫാ.ഏലിയാസ് ഐയ്പ്പാറയ്ക്കൽ നേതൃത്വം നൽകും.

■ **തുറവൂർ സെന്റ് ജോർജ് യാക്കോബായ സുറിയാനി ചാപ്പൽ :** മാർ ഗീവർഗീസ് സഹദായുടെ ഓർമപ്പെരുന്നാൾ. രാവിലെ 8ന് കുർബാന, വൈകിട്ട് 6.30ന് സന്ധ്യാ പ്രാർഥന, പ്രസംഗം തുടർന്ന് പ്രദക്ഷിണം.

## കളമശ്ശേരി

■ **പാതിരാക്കാട്ടുകാവ് ശ്രീ വനദുർഗ ക്ഷേത്രം :** പ്രതിഷ്ഠാദിന താലപ്പൊലി ഉത്സവം. തിരുവാതിരകളി, ഭക്തിഗാനമഞ്ജരി രാത്രി 7.30 മുതൽ.

## കോതമംഗലം

■ **സെന്റ് ജോർജ് കത്തീഡ്രൽ :** വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുനാൾ രാവിലെ 5.30ന്.

## ആരക്കുന്നം

■ **എഴുപ്പുറം സെന്റ്.ജോർജ് ചാപ്പൽ :** വി. ഗീവർഗീസ് സഹദായുടെ ഓർമ്മ പെരുന്നാൾ രാവിലെ 7.15ന് പ്രഭാത പ്രാർത്ഥന, 8ന് വി. മുന്നിന്മേൽ കുർബാനക്ക് ഫാ. സാംസൺ മേലോത്ത് മുഖ്യ കാർമികത്വം വഹിക്കും.

# ഭൗമദിനം ആഘോഷിച്ചു

**കൊച്ചി:** ലോക ഭൗമദിനത്തോടനുബന്ധിച്ച് പെരിയാർ ടൈഗർ റിസർവും, കേരള വനം വന്യജീവി വകുപ്പും, മുത്തൂറ്റ് ഗ്രൂപ്പിന്റെ ഭാഗമായ സന്താരി റിസോർട്ട്സും സംയുക്തമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. തേക്കടിയിലെ കാർഡമം കൗണ്ടി ബൈ സന്താരിയിൽ വിദ്യാർത്ഥികൾക്കായി നടത്തിയ വർക്ക്ഷോപ്പ് പെരിയാർ ടൈഗർ റിസർവ് അസിസ്റ്റന്റ് ഫീൽഡ് ഡയറക്ടർ ലക്ഷ്മി ആർ. ഉദ്ഘാടനം ചെയ്തു. കാലാവസ്ഥാ വ്യതിയാനം, പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കൽ, സുസ്ഥിര ജീവിതശൈലി എന്നിവയെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകളും പ്രായോഗിക പരിശീലനങ്ങളും പരിപാടിയുടെ ഭാഗമായി നടന്നു.

തേക്കടിയിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള 33 വിദ്യാർത്ഥികൾ പരിശീലനം നേടിയ നാച്ചുറലിസ്റ്റുകളുടെ നേതൃത്വത്തിൽ നേച്ചർ വാക്കിൽ പങ്കെടുത്തു. പെരിയാർ ടൈഗർ റിസർവിലെ കൺസർവേഷൻ ബയോളജിസ്റ്റ് രമേഷ് ബാബു നയിച്ച ബോധവൽക്കരണ ക്ലാസും ക്യാമ്പിന്റെ ഭാഗമായി നടന്നു. പെരിയാറിലെ ജൈവവൈവിധ്യത്തെക്കുറിച്ചും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വിദ്യാർത്ഥികൾ നേരിട്ട് മനസ്സിലാക്കി.

റിസോർട്ടിൽ നടപ്പിലാക്കുന്ന സുസ്ഥിര പരിസ്ഥിതി മാതൃകകളും കുട്ടികൾക്ക് പരിചയപ്പെടുത്തി. തേക്കടിയിലെ കാർഡമം കൗണ്ടി ബൈ സന്താരിക്കു പുറമെ ആലപ്പുഴയിലെ സന്താരി പേൾ ബീച്ച് റിസോർട്ട്, സന്താരി റിവർസ്കേപ്സ്, കോസ്റ്റാറിക്കയിലെ സന്താരി റിസോർട്ട് ആൻഡ് സ്പാ തുടങ്ങി ലോകമെമ്പാടുമുള്ള സന്താരിയുടെ എല്ലാ റിസോർട്ടുകളിലും 'എർത്ത് അവർ' ആചരിച്ചു. ആഘോഷങ്ങളുടെ ഭാഗമായി സന്ദർശകരെ ഉൾപ്പെടുത്തി വൃക്ഷത്തൈകൾ നട്ടു.



# എൻ.വി. പൈലി സ്മാരക മാധ്യമ പുരസ്കാരം സമ്മാനിച്ചു



*എറണാകുളം പ്രസ്സ് ക്ലബ് ഏർപ്പെടുത്തിയ എൻ വി പൈലി സ്മാരക മാധ്യമ പുരസ്കാരം ജീവൻ ടി വി ചീഫ് ന്യൂസ് എഡിറ്റർ ബാബു വെളപ്പായക്ക് റവന്യൂ മന്ത്രി കെ രാജൻ സമ്മാനിക്കുന്നു*

**കൊച്ചി :** എറണാകുളം പ്രസ്സ് ക്ലബ് ഏർപ്പെടുത്തിയ എൻ വി പൈലി സ്മാരക മാധ്യമ പുരസ്കാരം ജീവൻ ടി വി ചീഫ് ന്യൂസ് എഡിറ്റർ ബാബു വെളപ്പായക്ക് റവന്യൂ മന്ത്രി കെ രാജൻ സമ്മാനിച്ചു. മാധ്യമങ്ങൾ പ്രതിപക്ഷത്തിന്റെ ചുമതലകൾ നിർവഹിക്കേണ്ടതാണ്, ഭരണപക്ഷത്തിന്റെ ശരികേടുകൾക്കെതിരെ ആഞ്ഞടിക്കുക തന്നെവേണം. ഒപ്പം സമൂഹത്തിൽ കേൾക്കാൻ പറ്റാത്തവരുടെ ചെവിയാകാനും പറയാൻ പറ്റാത്തവരുടെ നാവാകാനും കാണാൻ പറ്റാത്തവരുടെ കണ്ണാകാനും കഴിയണം. ജനാധിപത്യത്തിന്റെ നാലാം തൂൺ എന്ന നിലയിൽ ജനാധിപത്യത്തെ ശക്തിപ്പെടുത്താൻ എല്ലാ അർത്ഥത്തിലും ശരിയായ വാർത്തകൾ ജനങ്ങളുടെ മുമ്പിൽ എത്തിക്കാൻ ശ്രമിക്കുമ്പോൾ ഇല്ലാത്ത കാര്യങ്ങൾ തെറ്റിദ്ധാരണ പരത്തുന്ന തരത്തിൽ വാർത്തകൾ നൽകുമ്പോൾ യഥാർത്ഥ പത്രധർമ്മത്തിന്റെ നിർവചനം എന്താണെന്ന് മറക്കരുതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

15,000 രൂപയും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. പ്രസ്സ് ക്ലബ് പ്രസിഡന്റ് ആർ ഗോപകുമാർ അധ്യക്ഷനായി. മുതിർന്ന മാധ്യമ പ്രവർത്തകൻ ഡോ സെബാസ്റ്റ്യൻ പോൾ കൊച്ചിയിലെ മാധ്യമങ്ങൾ, എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. സിഐസിസി ജയചന്ദ്രൻ, പ്രസ് ക്ലബ് സെക്രട്ടറി എം ഷജിൽകുമാർ , ട്രഷറർ അഷ്ഫ് തൈവളപ്പ്, ബാബു വെളപ്പായ എന്നിവർ സംസാരിച്ചു.

# പാവക്കുളത്ത് പൗർണ്ണമിപ്പൊങ്കാല– കാപ്പുകെട്ടലും കലവറ നിറയ്ക്കലും നടന്നു

**കൊച്ചി:** കലൂർ പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിൽ മെയ് 1 വരെ നടക്കുന്ന പൗർണ്ണമിപ്പൊങ്കാല മഹോൽസവത്തിനോടനുബന്ധിച്ചുള്ള കാപ്പുകെട്ടലും കലവറ നിറയ്ക്കലും നടന്നു. ക്ഷേത്രം മേൽശാന്തി ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി ചടങ്ങുകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചുകൊണ്ട് ഭദ്രദീപം തെളിയിച്ചു. പച്ചക്കറികളും പലവ്യഞ്ജനങ്ങളും കയ്യിലേന്തിയ ഭക്തർ ക്ഷേത്രത്തിന് വലം വച്ചുകൊണ്ട് കലവറ നിറക്കൽ നടന്നു. ക്ഷേത്രം സെക്രട്ടറി കെ.പി മാധവൻകുട്ടി, ട്രഷറർ സി വേണു കൺവീനർമാരായ കെ എം ഉണ്ണികൃഷ്ണൻ, ജയഗോപൻ, കെ ജി നന്ദകുമാർ , ശശീധര മേനോൻ, ചന്ദ്രലേഖ ഗോപാലകൃഷ്ണൻ , ലതാ നന്ദകുമാർ തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്ന കാപ്പു കെട്ടൽ ചടങ്ങിൽ



*കലൂർ പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിൽ മെയ്1 വരെ നടക്കുന്ന പൗർണ്ണമിപ്പൊങ്കാല മഹോൽസവത്തിന് തുടക്കം കുറിച്ച് ക്ഷേത്രം മേൽശാന്തി ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരിയുടെ കാർമ്മികത്വത്തിൽ നടന്ന കലവറനിറക്കൽ ചടങ്ങ്.*

അനേകം ഭക്തർ പങ്കെടുത്തു. ഡോ. ലത നായർ സരള എസ്സ് പണിക്കരെ കാപ്പു കെട്ടി കൊണ്ട് ചടങ്ങ് ഉദ്ഘാടനം ചെയ്തു. തുടർന്ന് പാവക്കുളം ഗൗരീശങ്കര നാരായണ സമിതിയുടെ നേതൃത്വത്തിൽ ലളിതാ സഹസ്രനാമം പാരയണം നടന്നു. വൈകീട്ട് മാമംഗലം തരംഗിണി തിരുവാതിര സംഘം അവതരിപ്പിച്ച തിരുവാതിരക്കളിയും പോണേക്കര നാട്യശാല സ്കൂൾ ഓഫ് ഡാൻസ് അവതരിപ്പിച്ച നൃത്ത നൃത്തങ്ങളും ഉണ്ടായി. ഇന്ന് 25 ന് രാവിലെ ഒമ്പതിന് വിശേഷാൽ ആയില്യ പൂജ, കളമെഴുത്ത് പാട്ട്, 11 ന് വൈക്കം പി.ജി എം നായരുടെ പ്രഭാഷണം, ഒരു മണിക്ക് പ്രസാദമൂട്ട്, വൈകിട്ട് ഏഴു മുതൽ നൃത്താഞ്ജലി, എട്ടു മുതൽ നൃത്ത നൃത്ത്യങ്ങൾ. എന്നിവ ഉണ്ടാകും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# മിസ് യൂണിവേഴ്സ് കേരള സൗന്ദര്യമത്സരം മെയ് 22 മുതൽ കൊച്ചിയിൽ

**കൊച്ചി:** ഈ വർഷത്തെ മിസ് യൂണിവേഴ്സ് കേരള സൗന്ദര്യമത്സരം മെയ് 22 മുതൽ 26 വരെ കൊച്ചി ലെ മെറിഡിയൻ ഹോട്ടലിൽ നടക്കുമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ക്വീൻ ഫ്രെയിം സ്റ്റുഡിയോസ് സംഘടിപ്പിക്കുന്ന മത്സരത്തിന്റെ ടൈറ്റിൽ സ്പോൺസർ ബീനാ കണ്ണൻ കൊറ്റിയൂറാണ്. ഗ്രാൻഡ് ഫിനാലെ ഉൾപ്പെടെ ആറു ദിവസങ്ങളിലായാണ് മത്സരം ക്രമീകരിച്ചിരിക്കുന്നത്.

മിസ് യൂണിവേഴ്സ് ഇന്ത്യ വേദിയിലേക്കുള്ള കേരളത്തിന്റെ ഔദ്യോഗിക എൻട്രിയാണ് ഈ മത്സരം. ഇതിലെ വിജയിയാകും പിന്നീട് നടക്കുന്ന മിസ് യൂണിവേഴ്സ് ഇന്ത്യ മത്സരത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കുക. ഗ്ലാമാനന്ദ് എന്റർടൈൻമെന്റ് പ്രൈവറ്റ് ലിമിറ്റഡ് ആണ് ദേശീയ തലത്തിലുള്ള മത്സരം സംഘടിപ്പിക്കുന്നത്. പ്രധാന നഗരങ്ങൾ, കോളേജുകൾ, ശീമാട്ടി കൊച്ചി, കോട്ടയം ഷോറൂമുകൾ എന്നിവടങ്ങളിൽ നടക്കുന്ന ഓഡിഷനുകളിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന 24 മത്സരാർത്ഥികളാണ് വേദിയിൽ കിരീടത്തിനായി മാറ്റുരയ്ക്കുന്നത്. 25 ന് കൊച്ചി ശീമാട്ടിയിലെ ബീന കണ്ണൻ കൊറ്റിയൂറിൽ സെമിഫൈനൽ അരങ്ങേറും. ശീമാട്ടി സി.ഇ.ഒയും ലീഡ് ഫാഷൻ ഡിസൈനറുമായ ബീനാ കണ്ണൻ, മിസ് യൂണിവേഴ്സ് ഇന്ത്യ 2025 വിജയി മണിക വിശ്വകർമ്മ, മിസ് യൂണിവേഴ്സ് ഇന്ത്യ ചെയർമാൻ നിഖിൽ ആനന്ദ് എന്നിവരാണ് സെമിഫൈനൽ മത്സരത്തിലെ വിധികർത്താക്കളായി എത്തുന്നത്. വിജയികൾ 26ന് നടക്കുന്ന ഗ്രാൻഡ് ഫിനാലെയിൽ റാംപിലെത്തും. മിസ് ഇന്റർനാഷണൽ ഇന്ത്യ റൂഷ് സിന്ധു, മിസ് യൂണിവേഴ്സ് ഇന്ത്യ ചെയർമാൻ നിഖിൽ ആനന്ദ്, ഡയറക്ടർ ഓഫ് ഫ്രാഞ്ചയ്സ് ഓപ്പറേഷൻസ് അംജാദ് ഖാൻ, മുൻ മിസ് യൂണിവേഴ്സ് കേരള ഐശ്വര്യ ശ്രീനിവാസൻ എന്നിവരടങ്ങുന്ന പാനലായിരിക്കും ഈ വർഷത്തെ മിസ് യൂണിവേഴ്സ് കേരളയെ തിരഞ്ഞെടുക്കുക. അർച്ചന രവിയാണ് മിസ് യൂണിവേഴ്സ് കേരളയുടെ ഡയറക്ടർ. കൊറിയോഗ്രാഫർ ഷാം ഖാൻ ആണ് പരിപാടിയുടെ ഷോ ഡയറക്ടറും കൊറിയോഗ്രാഫറും. ഗ്രാൻഡ് ഫിനാലെയിൽ സെലിബ്രിറ്റികൾ, ഇൻഫൽവൻസർമാർ, മറ്റു പ്രമുഖർ തുടങ്ങി 350 മുതൽ 400 വരെ ക്ഷണിക്കപ്പെട്ട അതിഥികൾ പങ്കെടുക്കുമെന്നും സംഘാടകർ അറിയിച്ചു. മിസ് യൂണിവേഴ്സ് കേരള ഡയറക്ടർ അർച്ചന രവി, ശീമാട്ടി സി.ഇ.ഒ ബീനാ കണ്ണൻ, മിസ് യൂണിവേഴ്സ് കേരള 2025 വിജയി ഐശ്വര്യ ശ്രീനിവാസൻ, റേഡിയൻസ് ഫൗണ്ടർ ഡോ.ബസിമ നഹാൻ, ഡോ.ജിജീസ് ക്ലിനിക്ക് ഫൗണ്ടർ ഡോ. ജിജി സംഷീർ, മിസ് യൂണിവേഴ്സ് കേരള സ്ട്രാറ്റജിക് പാർട്ണർ പ്രമോദ് എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.



# കണ്ണ് പുനർനിർമ്മാണ ശസ്ത്രക്രിയ ദേശീയ സമ്മേളനത്തിന് തുടക്കം

**കൊച്ചി:** ഒകുലോപ്ലാസ്റ്റിക് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ 36ാം വാർഷിക സമ്മേളനം (ഒപായ് 2026) കൊച്ചിയിൽ ആരംഭിച്ചു. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ബച്ചു കുര്യൻ തോമസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ആധുനിക വൈദ്യശാസ്ത്രം ഇന്ന് മുന്നേറുന്നത് കൃത്യത, നേരത്തെയുള്ള ചികിത്സ, ഉയർന്ന ജീവിത നിലവാരം എന്നിവ മാനദണ്ഡമാക്കിയാണ്. രോഗ വിമുക്തിക്ക് പുറമെ അവയവങ്ങളുടെ പ്രവർത്തന ശേഷിയും രൂപവും സൗന്ദര്യവും പുനഃസ്ഥാപിക്കുന്നത് വരെ ഇന്ന് ചികിത്സയുടെയും വൈദ്യശാസ്ത്ര പുരോഗതിയുടെയും ഭാഗമായി കഴിഞ്ഞുവെന്ന് അദ്ദേഹം പറഞ്ഞു. ഒ.പി.എ. ഐ ദേശീയ പ്രസിഡന്റ് ഡോ. കസ്തൂരി ഭട്ടാചാർജി മുഖ്യപ്രഭാഷണം നടത്തി. കൺ പോളകൾ, ഐ സോക്കറ്റ് (കൺതടം അഥവാ കൺകുഴി ) തുടങ്ങിയ ഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ രോഗങ്ങൾക്ക് ചികിത്സയിൽ വലിയ മുന്നേറ്റങ്ങളുണ്ടായതായി അവർ പറഞ്ഞു. തൈറോയ്ഡ് കണ്ണ് രോഗം, ട്യൂമർ, അപകട പരിക്കുകൾ തുടങ്ങിയവയിൽ നേരത്തെ കണ്ടെത്തലും സംയുക്ത ചികിത്സയും നിർണായകമാണെന്ന് കസ്തൂരി ഭട്ടാചാർജി പറഞ്ഞു. ഓർഗനൈസിങ്ങ് ചെയർമാൻ ഡോ. എസ്.ജെ. സായികുമാർ, ഒ.പി.എ.ഐ സെക്രട്ടറി ഡോ. രമൺ മിത്തൽ, ജനറൽ സെക്രട്ടറി ഡോ. സന്തോഷ് ജി. ഹോണവർ, ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. മരിയൻ പോളി, ഓർഗനൈസിങ്ങ് ജോയിന്റ് സെക്രട്ടറി ഡോ. ഷെബിൻ സലീം, സയന്റിഫിക് കമ്മിറ്റി ചെയർമാൻ ഡോ. സാവരി ദേശായി, ഗിരിധർ ഐ ഇൻസ്റ്റിറ്റിയൂട്ട് മെഡിക്കൽ ഡയറക്ടർ ഡോ. എ. ഗിരിധർ, കേരള സൊസൈറ്റി ഓഫ് ഒഫ്താൽമിക് സർജൻസ് പ്രസിഡന്റ് ഡോ. രാജീവ് സുകുമാരൻ എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു.

മൂന്ന് ദിവസങ്ങളിലായി കണ്ണിന് ചുറ്റുമുള്ള ഭാഗത്തെ ബാധിക്കുന്ന വിവിധ രോഗങ്ങളെക്കുറിച്ച് വിശദമായ ചർച്ചകൾ നടക്കുമെന്ന് ഓർഗനൈസിങ്ങ് ചെയർമാൻ ഡോ. എസ്. ജെ. സായികുമാർ പറഞ്ഞു.

കൊതുക് വഴി പകരുന്ന പാരസിറ്റിക് രോഗമായ പെരിയോകുലർ ഡിറോഫിലേറിയാസിസ് കേരളത്തിലെ ചില ഭാഗങ്ങളിൽ വർധിക്കുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി. രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള നാനൂറിലധികം പ്രതിനിധികളും അന്താരാഷ്ട്ര വിദഗ്ധരും സമ്മേളനത്തിൽ പങ്കെടുക്കുന്നു.




## ജംഗിൾ പാർക്കിൽ അഞ്ച് വയസുകാരൻ മരിച്ച സംഭവം ആർ ഡി ഒ അന്വേഷിക്കണം: മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി :** കിഴക്കമ്പലം പഴങ്ങനാട് ജംഗിൾ പാർക്കിൽ സന്ദർശനത്തിനെത്തിയ അഞ്ചു വയസുകാരൻ ചതുപ്പിൽ വീണുമരിച്ച സംഭവത്തെ കുറിച്ച് ആർ ഡി ഒ സുതാര്യവും ഫലപ്രദവുമായ അന്വേഷണം നടത്തണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാർ തോമസ്. ജില്ലാ കളക്ടർക്കാണ് കമ്മീഷൻ നിർദ്ദേശം നൽകിയത്. മാധ്യമവാർത്തയുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പാർക്ക് മാനേജ്മെന്റ് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ എന്ന് ആർ ഡി ഒ അന്വേഷിക്കണം. പാർക്കിന് പഞ്ചായത്തും ബന്ധപ്പെട്ട ഏജൻസികളും നൽകുന്ന ലൈസൻസ് ഉണ്ടോ എന്നും പരിശോധിക്കണം.

ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിലയിരുത്തണം. അപകടത്തിൽ മരിച്ച കുഞ്ഞിന്റെ മാതാപിതാക്കളുടെ വിലാസവും സംഭവത്തിൽ പോലീസ് കേസെടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങളും കമ്മീഷനെ അറിയിക്കണം. പോസ്റ്റ് മോർട്ടം റിപ്പോർട്ടും ഹാജരാക്കണം. ആർ ഡി ഒ മൂന്നാഴ്ചക്കകം അന്വേഷണ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണം. കിഴക്കമ്പലം പഞ്ചായത്ത് സെക്രട്ടറിയും മൂന്നാഴ്ചക്കുള്ളിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണം. പാർക്കിന് ലൈസൻസ് ഉണ്ടോയെന്ന് പ്രത്യേകം പരിശോധിക്കണം.

സംഭവത്തിന് ശേഷം പഞ്ചായത്ത് സ്വീകരിച്ച നടപടികൾ രേഖാമൂലം സമർപ്പിക്കണമെന്നും ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഉത്തരവിൽ പറഞ്ഞു.

ആർ ഡി ഒയുടെ പ്രതിനിധിയും കിഴക്കമ്പലം പഞ്ചായത്ത് സെക്രട്ടറിയും മേയ് 19 ന് പത്തടി പാലം പൊതുമരാമത്ത് റസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ ഹാജരാകണം. കോട്ടയം ചെങ്ങളം സൗത്ത് സ്വദേശി മുഹമ്മദ് ആദമാണ് അപകടത്തിൽ മരിച്ചത്.

## തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷിക്കാം

**തിരുവനന്തപുരം:** കെൽട്രോണിൽ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഡാറ്റാ സയൻസ് ആന്റ് എ.ഐ, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ സൈബർ സെക്യൂരിറ്റി, ഹാർഡ്വെയർ ആന്റ് നെറ്റ്വർക്ക് മെയിന്റനൻസ് എന്നീ കോഴ്സുകളിലേക്കും ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, ടാലി ആന്റ് ജി.എസ്.റ്റി ഫയലിംഗ് കോഴ്സുകളിലേക്കും അഡ്മിഷൻ ആരംഭിച്ചു.

അപേക്ഷാ ഫോമിനായി തിരുവനന്തപുരം സ്പെൻസർ ജംഗ്ഷനിലുള്ള കെൽട്രോൺ നോളജ് സെന്ററിൽ നേരിട്ടെത്തുകയോ 0471 2337450, 8590605271 നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

സൊസൈറ്റി ടുഡേ
SOCIETY TODAY

# റിലയൻസുമായി സഹകരിച്ച് ടൈം മാഗസിൻ; 'ടൈം 100 നെക്സ്റ്റ് ' ആദ്യമായി ഇന്ത്യയിലേക്ക്

**കൊച്ചി/ന്യൂയോർക്ക്:** ടൈം മാസിക രാജ്യത്തെ ഒന്നാം നിര ബിസിനസ് ഗ്രൂപ്പായ റിലയൻസ് ഇൻഡസ്ട്രീസുമായി കൈകോർക്കുന്നു. ടൈം മാസികയുടെ 'ടൈം100 നെക്സ്റ്റ് ഇന്ത്യ'യുടെ ആദ്യ എഡിഷൻ പുറത്തിറക്കാനാണ് ഇരുഗ്രൂപ്പുകളും സഹകരിക്കുന്നത്. ഇന്ത്യയുടെ ഭാവി രൂപപ്പെടുത്തുന്ന യുവനേതാക്കളെയും അവരുടെ കാഴ്ചപ്പാടുകളെയും മുഖ്യധാരയിലെത്തിക്കുന്നതിന്, റിലയൻസുമായി സഹകരിച്ച് ടൈം മാഗസിൻ 'ടൈം100 നെക്സ്റ്റ് ഇന്ത്യ' പുറത്തിറക്കും.

വ്യാഴാഴ്ച ന്യൂയോർക്ക് സിറ്റിയിൽ നടന്ന വാർഷിക ടൈം100 ഗാലയിൽ ടൈം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജെസീക്ക സിബ്ലിയും, റിലയൻസ് ഫൗണ്ടേഷൻ സ്ഥാപകയും ചെയർപേഴ്സണുമായ നീത മുകേഷ് അംബാനിയും ചേർന്നാണ് ഈ പ്രഖ്യാപനം നടത്തിയത്. കല, ശാസ്ത്രം, ബിസിനസ്, കായികം, ആക്ടിവിസം തുടങ്ങിയ വിവിധ മേഖലകളിൽ ഇന്ത്യയുടെ ഭാവി നിർണ്ണയിക്കുന്ന 100 യുവനേതാക്കളെയാണ് 'ടൈം100 നെക്സ്റ്റ് ഇന്ത്യ പട്ടികയിൽ ഉൾപ്പെടുത്തുക. ടൈം മാഗസിനിലെ എഡിറ്റർമാർ തിരഞ്ഞെടുക്കുന്ന ഈ പട്ടിക ഓൺലൈനിൽ പ്രസിദ്ധീകരിക്കും. തുടർന്ന് 2026 ഡിസംബറിൽ മുംബൈയിലെ നിത മുകേഷ് അംബാനി കൾച്ചറൽ സെന്ററിൽ നടക്കുന്ന ചടങ്ങിൽ ഇവരെ ആദരിക്കും. 'ടൈം100 നെക്സ്റ്റ് ഇന്ത്യ ആദ്യമായി ഇന്ത്യയിലേക്ക് എത്തിക്കുന്നതിൽ തങ്ങൾ അതീവ സന്തുഷ്ടരാണെന്ന് ടൈം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജെസീക്ക സിബ്ലി പറഞ്ഞു. അടുത്ത തലമുറയിലെ പ്രതിഭകളെയും ആശയങ്ങളെയും നേതൃത്വത്തെയും ശാക്തീകരിച്ചുകൊണ്ട് ഇന്ത്യയുടെ ഭാവി കെട്ടിപ്പടുക്കാൻ റിലയൻസ് പ്രതിജ്ഞാബദ്ധമാണെന്ന് റിലയൻസ് ഫൗണ്ടേഷൻ സ്ഥാപകയും ചെയർപേഴ്സണുമായ നിത എം. അംബാനി പറഞ്ഞു. ലോകത്തിലെ ഏറ്റവും മികച്ചവ ഇന്ത്യയിലേക്ക് കൊണ്ടുവരികയും ഇന്ത്യയിലെ ഏറ്റവും മികച്ചവയെ ലോകത്തിന് പരിചയപ്പെടുത്തുകയും ചെയ്യുക എന്നത് എപ്പോഴും തങ്ങളുടെ കാഴ്ചപ്പാടാണെന്നും നിത എം. അംബാനി പറഞ്ഞു.

# പുതിയ സ്ക്രാംബ്ലർ ബൈക്കുകൾ അവതരിപ്പിച്ച് യെസ്ഡിയും, ബി.എസ്.എയും




**കൊച്ചി:** യെസ്ഡിയും, ബി.എസ്.എയും ഇന്ത്യയിലെ പ്രീമിയം റൈഡർമാർക്കായി പുതിയ സ്ക്രാംബ്ലർ മോട്ടോർ സൈക്കിളുകൾ അവതരിപ്പിച്ചു. നഗരയാത്രകൾക്കും ഓഫ്-റോഡ് അനുഭവങ്ങൾക്കും അനുയോജ്യമായ രീതിയിൽ രൂപകൽപ്പന ചെയ്ത യെസ്ഡി സ്ക്രാംബ്ലർ 350യും ബി.എസ്.എ സ്ക്രാംബ്ലർ 650യും ശക്തമായ എൻജിനും പ്രത്യേക ഡിസൈനും കൊണ്ടു ശ്രദ്ധേയമാണ്. ലഘുവായ 350സിസി സ്ക്രാംബ്ലറായ യെസ്ഡി മോഡൽ നഗര യാത്രകൾക്ക് അനുയോജ്യമായപ്പോൾ, 650CC എൻജിനുള്ള ബി.എസ്.എ മോഡൽ ഉയർന്ന പ്രകടനവും ക്ലാസിക് ശൈലിയും ഒരുമിക്കുന്നു. ഇന്ത്യൻ റൈഡിംഗ് സംസ്കാരത്തിൽ പുതിയ മാറ്റങ്ങൾ സൃഷ്ടിക്കുമെന്ന് കമ്പനി അറിയിച്ചു. യെസ്ഡി സ്ക്രാംബ്ലർ 1,99,950 മുതലും; ബി.എസ്.എ സ്ക്രാംബ്ലർ 650 – 3,24,950 മുതലും ആരംഭിക്കുന്നു.

# പുതിയ ഹാൻഡ്ക്രാഫ്റ്റഡ് ബ്രൈഡൽ ശേഖരം അവതരിപ്പിച്ച് ടി.ബി.സഡ്




**കൊച്ചി:** പ്രമുഖ ആഭരണ ബ്രാൻഡായ ത്രിഭൊവൻദാസ് ഭീംജി ഝാവേരി (ടി.ബി.സഡ് ) ദി ഒറിജിനൽ കൊച്ചിയിൽ പുതിയ ഹാൻഡ്ക്രാഫ്റ്റഡ് ബ്രൈഡൽ സ്വർണ്ണവും ഡയമണ്ട് ആഭരണങ്ങളും അവതരിപ്പിച്ചു.

കേരള വധുവിനെ മുൻനിർത്തി രൂപകൽപ്പന ചെയ്ത ഈ പരിമിത എഡിഷൻ ശേഖരത്തിൽ സ്റ്റേറ്റ്മെന്റ് നെക്ലസുകളും മാച്ച്ഡ് സെറ്റുകളും ഹെയർലൂം ശൈലികളും ഉൾപ്പെടുന്നു. വിവാഹത്തിന് ശേഷവും ഉപയോഗിക്കാനാകുന്ന വൈവിധ്യമാർന്ന ഡിസൈനുകളാണ് ശേഖരത്തിന്റെ പ്രത്യേകത. ലോഞ്ചിനൊപ്പമുള്ള 3ഡി ഔട്ട്ഡോർ ഇൻസ്റ്റലേഷനും 'ഗോൾഡൻ ഫ്ലീറ്റ്' പ്രചരണവും ശ്രദ്ധേയമായി. മേക്കിംഗ് ചാർജ് ഇളവ്, എക്സ്ചേഞ്ച് ഓഫർ, ഗോൾഡ് റേറ്റ് പ്രൊട്ടക്ഷൻ എന്നിവ ഉൾപ്പെടെ പ്രത്യേക ഓഫറുകളും സ്റ്റോറിൽ ലഭ്യമാണ്.

## ഐസിഫോസിൽ ബ്രിഡ്ജ് കോഴ്സ്

**തിരുവനന്തപുരം:** ഈ വർഷം എൻജിനിയറിങ്/സയൻസ് സ്ട്രീമുകളിൽ ഡിഗ്രി പ്രവേശനം നേടാൻ ഉദ്ദേശിക്കുന്ന വിദ്യാർത്ഥികൾക്ക് ഐസിഫോസിൽ ബ്രിഡ്ജ് കോഴ്സ് സംഘടിപ്പിക്കുന്നു. പൈതൺ പ്രോഗ്രാമിംഗിലും സ്വതന്ത്ര സോഫ്റ്റ്‌വെയറിലും ഹാർഡ്‌വെയറിലും 12 ദിവസം നീണ്ടുനില്ക്കുന്ന ബ്രിഡ്ജ് കോഴ്സ് മെയ് 6 മുതൽ 20 വരെ രാവിലെ 10 മുതൽ 1 മണി വരെ ഓൺലൈനായി നടക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്നവരെയാണ് ആദ്യം പരിഗണിക്കുന്നത്. 2500 രൂപ രജിസ്ട്രേഷൻ ഫീസ്. മെയ് 3നകം അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് https://icfoss.in/event-details/221, +91 7356610110, +91 471 2413012 / 13 / 14, +91 9400225962.

# ഐഎച്ച്എംഎ സംസ്ഥാന സമ്മേളനവും ദേശീയ സെമിനാറും നാളെ കൊല്ലത്ത്




**കൊല്ലം:** ഇന്ത്യൻ ഹോമിയോപതിക് മെഡിക്കൽ അസോസിയേഷൻ (ഐഎച്ച്എംഎ) കേരള ഘടകത്തിന്റെ 21മത് സംസ്ഥാന സമ്മേളനവും ദേശീയ സെമിനാറും നാളെ കൊല്ലം ബീച്ച് ഹോട്ടലിൽ നടക്കുമെന്ന് ഐഎച്ച്എംഎ സംസ്ഥാന പ്രസിഡന്റ് ഡോ. പരിമൾ ചാറ്റർജി, സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. അഷ്റഫ് സൊഹൈൽ, കോൺഫ്രൻസ് ചെയർമാൻ ഡോ. ബിജു, കോൺഫറൻസ് ഡയറക്ടർ ഡോ. ഷാഫി, ഡോ. ശങ്കരനാരായണൻ, ഡോ. സുമയ്യ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. രാവിലെ 09.30 ന് ദേശീയ സെമിനാറോടെ സമ്മേളനത്തിന് തുടക്കമാകും. ഐഎച്ച്എംഎ സെക്രട്ടറി ജനറൽ ഡോ. കെ. സജി ഉദ്ഘാടനം ചെയ്യും. തുടർന്ന് 10.30 ന് ധനകാര്യമന്ത്രി കെ. എൻ. ബാലഗോപാൽ സമ്മേളനം ഉദ്ഘാടനം ചെയ്യും. ഇരവിപുരം എം.എൽ.എ എം. നൗഷാദ്, കേരള ഗവൺമെന്റ് ഹോമിയോപതിക് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡോ. പി. ജി ബിജു തുടങ്ങിയവർ പങ്കെടുക്കും.

ഹോമിയോ ഡോക്ടർമാരായ ഡോ. സജീവ് വാസുദേവൻ, ഡോ. വിനോദ് ജോസഫ്, ഡോ. റംസൽ എന്നിവർ പോഡ്കാസ്റ്റ് മാതൃകയിൽ സെമിനാർ നയിക്കും. 'വേദന സംഹരണം ഹോമിയോപതിയിലൂടെ', 'ശ്വാസതടസം', 'സ്വഭാവ വൈകല്യ ചികിത്സ ഹോമിയോപ്പതിയിലൂടെ' എന്നീ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. രോഗനിർണയത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പങ്കിനെക്കുറിച്ചുള്ള പ്രത്യേക ചർച്ച യൂട്യൂബർ ഡോ. റംസൽ തട്ടാരക്കൽ നയിക്കും. കൂടാതെ 20ഓളം ഡോക്ടർമാർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. സമ്മേളനത്തോടനുബന്ധിച്ച് മാധ്യമരംഗത്തെ മികച്ച ഹോമിയോപതി റിപ്പോർട്ടിംഗിനുള്ള അവാർഡുകൾ സംഗീത് ശ്യാം പ്രകാശ് (സൊസൈറ്റി ടുഡേ), വി. എസ് രാജേഷ് (കൗമുദി ടിവി) എന്നിവർക്ക് മന്ത്രി കെ. എൻ. ബാലഗോപാൽ സമ്മാനിക്കും. സംസ്ഥാനത്തെ മികച്ച സർക്കാർ ഡോക്ടർ അവാർഡിന് കോഴിക്കോട് ഗവൺമെന്റ് ഹോമിയോപതിക് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. കെ.പി മൻസൂർ അലി, മികച്ച സ്വകാര്യ ഡോക്ടർ അവാർഡിന് ഡോ. സജിൻ മായഞ്ചേരി, മികച്ച നവാഗത ഡോക്ടർ അവാർഡിന് ഡോ. ഡോണ സി. ഏലിയാസ് എന്നിവർ അർഹരായി. ഇവർക്കുള്ള അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്യും. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നായി ഏകദേശം 600 ഓളം ഡോക്ടർമാരും വിവിധ ഹോമിയോ കോളജുകളിൽ നിന്നുള്ള വിദ്യാർത്ഥികളും സമ്മേളനത്തിൽ പങ്കെടുക്കുമെന്നും ഭാരവാഹികൾ അറിയിച്ചു.

# ക്യാൻക്യൂർ പുതിയ സമുച്ചയത്തിന് തറക്കല്ലിട്ടു



**കൊച്ചി:** കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ക്യാൻക്യൂർ ഫൌണ്ടേഷൻ നിലവിലുള്ള ഡയാലിസിസും പാലിയേറ്റീവ് സേവനവും വിപുലീകരിക്കുന്നതിന്റെ ഭാഗമായി പുതിയ കെട്ടിടത്തിന് കേരള ഹൈക്കോടതി ജഡ്ജി ദേവൻ രാമചന്ദ്രൻ തറക്കല്ലിട്ടു. എം. എൽ. എ. കെ.എൻ. ഉണ്ണികൃഷ്ണൻ, ക്യാൻക്യൂർ പ്രസിഡന്റ് ഡോ . ജുനൈദ് റഹ്മാൻ, സെക്രട്ടറി ആർ. മാധവ് ചന്ദ്രൻ, വൈസ് പ്രെസിഡന്റുമാരായ ഡോ. സി. എം. രാധാകൃഷ്ണൻ, ജെ. പോൾ രാജ്, എസ്. രാജ് മോഹൻ നായർ, ബിനേഷ് സുകുമാർ, സലീൽ ഗുപ്ത, സജി ചന്ദ്രൻ, ടി. സി. എസ്. കേരള മേധാവി ദിനേശ് തമ്പി, ഡിപി വേൾഡ് കൊച്ചി സി. ഇ. ഓ. ദിപിൻ കയ്യത്, അമൃത ഹോസ്പിറ്റൽ സൂപ്രണ്ട് ഡോ. എം. ബീന, റോട്ടറി ഗവർണ്ണർ ഡോ. ജി. എൻ. രമേഷ്, യു. എസ്. ടി ഗ്ലോബൽ ഹെഡ് സുനിൽ ബാലകൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു. നാല് നിലകളിലായി പണിതുയർത്തുന്ന രണ്ടാമത്തെ കെട്ടിടത്തോടെ ഒരേ സമയം 25 രോഗികൾക്ക് ഡയാലിസിസും 100 കിടപ്പുരോഗികൾക്ക് ശുശ്രൂഷയും നൽകുവാനാകും.

നിലവിൽ 13 ഡയാലിസിസ് കിടക്കകളും 40 പാലിയേറ്റീവ് കിടക്കകളും ക്യാൻക്യൂർ കേന്ദ്രത്തിലുണ്ട്. ഇത് പൂർണമായും രോഗികളാൽ നിറഞ്ഞതോടെ പുതുതായി വരുന്ന രോഗികളെ ഉൾകൊള്ളാൻ കഴിയാത്ത സാഹചര്യത്തിലാണ് പുതിയ കെട്ടിടത്തെ കുറിച്ച് ചിന്തിച്ചതെന്ന് സെക്രട്ടറി ആർ. മാധവ് ചന്ദ്രൻ പറഞ്ഞു. 2021ൽ പ്രവർത്തനമാരംഭിച്ച ക്യാൻക്യൂർ കേന്ദ്രത്തിൽ ഒരു ദിവസം പോലും മുടക്കമില്ലാതെ ഡയാലിസിസ് ചികിത്സ നടത്തി വരികയാണ്. ഇന്ന് വരെ 16000 ത്തോളം സൗജന്യ ഡയാലിസിസ് ആണ് കേന്ദ്രത്തിൽ നിർധനരായ രോഗികൾക്ക് നൽകിയത്. പാലിയേറ്റീവ് സേവനം ആരോരുമില്ലാത്ത 200 ഓളം കിടപ്പു രോഗികൾക്ക് അത്താണിയായി. എറണാകുളം ജനറൽ ആശുപത്രിയിൽ നിന്നും ചികിത്സക്ക് ശേഷം ഡിസ്ചാർജ് ചെയ്യുന്ന നിരാലംബരായ രോഗികളാണ് ക്യാൻക്യൂറിലെത്തുന്നത്.

വ്യക്തികളുടെയും ബിസിനസ് പ്രസ്ഥാനങ്ങളുടെയും സഹായത്തോടെ തികച്ചും സൗജന്യമായാണ് ഇവിടുത്തെ സേവനങ്ങൾ നൽകി വരുന്നതെന്ന് സെക്രട്ടറി ആർ. മാധവ് ചന്ദ്രൻ പറഞ്ഞു. പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിൽ കെ എസ് ഐ ഡി സി, ബി പി സി എൽ കൊച്ചി, ഡിപി വേൾഡ്, ഇൻഡിഗോ പെയ്ന്റ്സ് തുടങ്ങിയ കമ്പനികൾ അവരുടെ സി എസ് ആർ ഫണ്ട് സംഭാവന ചെയ്യാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്.

# അസ്യൂസ് എക്സ്പേർട്ട് ബുക്ക് അൾട്ര പുറത്തിറക്കി




**കൊച്ചി:** ആഗോള ടെക് കമ്പനിയായ അസ്യൂസ് എഐ അധിഷ്ഠിത ഫ്ളാഗ്ഷിപ്പായ അസ്യൂസ് എക്സ്പേർട്ട് ബുക്ക് അൾട്ര പുറത്തിറക്കി. അൾട്ര ലൈറ്റ് ഡിസൈൻ, എലൈറ്റ് കട്ടിംഗ് എഡ്ജ് എഐ പവേർഡ് പെർഫോമൻസ്, വിവിഡ് ഡിസ്പ്ലേ, ഇമ്മേഴ്സീവ് ഓഡിയോ, ഓൾ ഡേ ബാറ്ററി, അൾട്ടിമേറ്റ് ടൈപ്പിംഗ് അനുഭവം, സെഗ്മെന്റ് ലീഡിംഗ് മിലിട്ടറി ഗ്രേഡ് ഡ്യൂറബിലിറ്റി, എന്റർ പ്രൈസ്ഗ്രേഡ് സെക്യൂരിറ്റി, സൂപ്പർ പ്രീമിയം എന്റർ പ്രൈസ് ഗ്രേഡ് സർവീസ് സപ്പോർട്ട്, സീംലെസ് എക്സ്പാൻഡബിലിറ്റി എന്നീ സവിശേഷതകളോട് കൂടിയുള്ള കോപൈലറ്റ് പ്ലസ് പിസിയാണ് അസ്യൂസ് എക്സ്പേർട്ട്ബുക്ക് അൾട്ര.

ഉൽപ്പന്നം പുറത്തിറക്കിയതിന്റെ ഭാഗമായി ഈ മാസം 29 വരെയുള്ള പ്രീഓർഡറിനൊപ്പം അസ്യൂസിന്റെ എക്സ്പേർട്ട്ബുക്ക് അൾട്ര ഉപഭോക്താക്കൾക്ക് അധിക പരിമിതകാല ആനുകൂല്യങ്ങളും നൽകുന്നുണ്ട്. 5 വർഷ ഓൺ സൈറ്റ് വാറന്റി, 5 വർഷ ബാറ്ററി വാറന്റി, 12,190 രൂപ വിലമതിക്കുന്ന 5 വർഷ ഇൻഷൂറൻസ് പരിരക്ഷ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. നികുതികൾ ഉൾപ്പെടെ 94,990 രൂപ മുതൽ എക്സ്പേർട്ട്ബുക്ക് അൾട്ര ലഭ്യമാണ്. ഫ്ളിപ്കാർട്ടിൽ അസ്യൂസ് എക്സ്പേർട്ട്ബുക്ക് അൾട്രയുടെ പ്രീഓർഡറുകൾ ആരംഭിച്ചിട്ടുണ്ട്. അസ്യൂസിലെ 'അവിശ്വസനീയ യാത്രക്കായുള്ള അന്വേഷണം' ഡിസൈൻ തിങ്കിംഗിനോടുള്ള ആഴമായ പ്രതിബദ്ധതയിൽ വേരൂന്നിയതാണെന്ന് അസ്യൂസ് ഗ്ലോബൽ സഹ സിഇഒ സാംസൺ ഹു പറഞ്ഞു.

ഇന്റൽ കോർ അൾട്ര സീരീസ് 3 പ്രോസസ്സറുകൾ നൽകുന്ന അസ്യൂസ് എക്സ്പേർട്ട്ബുക്ക്, യഥാർത്ഥ ബിസിനസ് ആവശ്യങ്ങൾ നിറവേറ്റുന്നതായി എഞ്ചിനീയറിംഗ് രൂപകൽപ്പന ചെയ്തതാണെന്ന് ഇന്റൽ ഇന്ത്യ ഗ്ലോബൽ അക്കൗണ്ട്സ് സീനിയർ ഡയറക്ടർ പി.പി. സുനിൽ ആചാര്യ പറഞ്ഞു.

## അക്ഷയതൃതീയയിൽ റെക്കോർഡ് വിൽപ്പനയുമായി മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്

MALABAR GOLD & DIAMONDS

കൊച്ചി: മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സ് അക്ഷയതൃതീയയിൽ എക്കാലത്തെയും ഏറ്റവും ഉയർന്ന വിൽപ്പന കരസ്ഥമാക്കി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ആഗോള വിൽപ്പനയിൽ 53 ശതമാനം വളർച്ചയാണ് മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സ് കൈവരിച്ചത്. അക്ഷയതൃതീയയിലെ ആകെ വിറ്റുവരവ് 2,646 കോടി രൂപയിലെത്തി. ഇതിൽ ഇന്ത്യൻ വിപണിയിലെ വിൽപ്പനയിൽ 71 ശതമാനം വളർച്ചയാണ് ഉണ്ടായിട്ടുള്ളത്. അന്താരാഷ്ട്ര വിപണികളിൽ 22 ശതമാനം വളർച്ചയും രേഖപ്പെടുത്തി. എല്ലാ വിപണികളിലും മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സ് നടത്തിക്കൊണ്ടിരിക്കുന്ന കുതിപ്പിനെയാണ് ഇത് സൂചിപ്പിക്കുന്നതെന്ന് മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി അഹമ്മദ് പറഞ്ഞു.

## അഡ്മിഷൻ ആരംഭിച്ചു

**കോന്നി:** കോന്നി സി.എഫ്.ആർ.ഡിയുടെ ഉടമസ്ഥതയിലുള്ള കോളേജ് ഓഫ് ഇൻഡിജിനസ് ഫുഡ് ടെക്നോളജി (സി.എഫ്.റ്റി.കെ) നടത്തുന്ന ബി.എസ്.സി, എം.എസ്.സി ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് കോഴ്സിന്റെ മാനേജമെന്റ് ക്വാട്ടയിലേക്കുള്ള അഡ്മിഷൻ ഏപ്രിൽ 27 മുതൽ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 0468-2240047, 9562147793, 9846585609, 9074566097.

## ഇൻവെസ്കോ മ്യൂച്വൽ ഫണ്ട് രണ്ട് ഓപ്പൺ എൻഡഡ് മ്യൂച്വൽ ഫണ്ടുകൾ അവതരിപ്പിച്ചു

Invesco Mutual Fund

**കൊച്ചി:** രാജ്യത്തിന്റെ അടിസ്ഥാന ഓഹരി മേഖലയിലും ബാങ്കിങ് മേഖലയിലും പാസീവ് നിക്ഷേപങ്ങൾക്ക് അവസരം നൽകുന്ന രണ്ട് ഓപ്പൺ എൻഡഡ് മ്യൂച്വൽ ഫണ്ടുകൾക്ക് ഇൻവെസ്കോ മ്യൂച്വൽ ഫണ്ട് തുടക്കം കുറിച്ചു. ബിഎസ്ഇ സെൻസെക്സ് സൂചികയെ പിന്തുടരുന്ന ഇൻവെസ്കോ ഇന്ത്യ ബിഎസ്ഇ സെൻസെക്സ് ഇൻഡക്സ് ഫ്, നിഫ്റ്റി ബാങ്ക് സൂചികയെ പിന്തുടരുന്ന ഇൻവെസ്കോ ഇന്ത്യ നിഫ്റ്റി ബാങ്ക് ഇൻഡക്സ് ഫണ്ട് എന്നിവയാണ് പുതുതായി അവതരിപ്പിച്ചത്.

പുതിയ ഫണ്ട് ഓഫർ മെയ് ഏഴു വരെ തുടരും. ഈ കാലയളവിൽ ഇരു പദ്ധതികളിലും കുറഞ്ഞത് 100 രൂപയാണ് കുറഞ്ഞ ഒറ്റത്തവണ നിക്ഷേപം. തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളായും നിക്ഷേപിക്കാം. എസ്ഐപി രീതിയിലെ നിക്ഷേപങ്ങളിൽ ഡിജിറ്റൽ രീതികളിൽ മാത്രമായുള്ള പ്രതിദിന നിക്ഷേപങ്ങളിൽ കുറഞ്ഞ നിക്ഷേപം ഇരുപതു രൂപയാണ്. പ്രതിവാര, പ്രതിമാസ രീതികളിൽ 100 രൂപയും ത്രൈമാസ രീതിയിൽ 300 രൂപയുമാണ് കുറഞ്ഞ നിക്ഷേപം. ഇവയിലെല്ലാം തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളായി നിക്ഷേപിക്കാം. നിക്ഷേപകരിൽ നിന്ന് എക്സിറ്റ് ലോഡ് ഈടാക്കില്ലെന്നും കമ്പനി അധികൃതർ പറഞ്ഞു.

## മീഡിയ അക്കാദമിയിൽ സ്പോട്ട് അഡ്മിഷൻ

**തിരുവനന്തപുരം:** സംസ്ഥാന സർക്കാരിന്റെ സ്വയംഭരണ സ്ഥാപനമായ കേരള മീഡിയ അക്കാദമി കൊച്ചി സെന്ററിൽ നടത്തുന്ന മൂവി ക്യാമറ പ്രൊഡക്ഷൻ ഡിപ്ലോമ കോഴ്സിന്റെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ രണ്ടര മാസമാണ് കോഴ്സിന്റെ കാലാവധി. 25 സീറ്റുകൾ ഉണ്ട്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 25,000/ രൂപയാണ് ഫീസ്. പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധി ഇല്ല. പ്രമുഖ ക്യാമറ നിർമ്മാണ കമ്പനികളുടെ സാങ്കേതിക സഹായത്തോടെയാണ് കോഴ്സ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ലൈറ്റിംഗ്, ലെൻസ്, ചിത്രീകരണം മുതലായവയിൽ ഊന്നൽ നൽകി സമഗ്ര പഠന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. താത്പര്യമുള്ളവർ യോഗ്യത സർട്ടിഫിക്കറ്റുകൾ (SSLC, Plus Two), ആധാർ കാർഡ് എന്നിവയുടെ ഒറിജിനലും കോപ്പിയും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം മെയ് 4ന് മുൻപായി കൊച്ചി കാക്കനാടുള്ള അക്കാദമി സെന്ററിൽ നേരിട്ട് വന്ന് അഡ്മിഷൻ നേടാവുന്നതാണ്. ഫോൺ: 9447607073, 0484-2422275. വെബ്സൈറ്റ്: www.kma.ac.in.

# എയർ ഇന്ത്യ എക്സ്പ്രസ് ലോയൽറ്റി പദ്ധതി വിപുലീകരിക്കുന്നു

## ഇനി അന്താരാഷ്ട്ര യാത്രകളിലും ഡിസ്കൗണ്ട്

**കൊച്ചി:** എയർ ഇന്ത്യ എക്സ്പ്രസ്സിൽ കൂടുതൽ തവണയാത്രചെയ്യുന്ന സ്ഥിരം യാത്രക്കാർക്ക് കൂടുതൽ ഡിസ്കൗണ്ട് ലഭ്യമാകുന്ന രീതിയിൽ എയർ ഇന്ത്യ എക്സ്പ്രസ്സിന്റെ ടാറ്റ ന്യൂപാസ് ലോയൽറ്റി പദ്ധതി വിപുലീകരിക്കുന്നു. നിലവിൽ ആഭ്യന്തര ടിക്കറ്റുകളിൽ മാത്രം ലഭിച്ചിരുന്ന ലോയൽറ്റി ഡിസ്കൗണ്ട് ഇനിമുതൽ അന്താരാഷ്ട്ര യാത്രകളിലും ലഭിക്കും.




രാജ്യത്ത് ഏറ്റവും കൂടുതൽ ലോയൽറ്റി അംഗങ്ങളുള്ള എയർ ലൈനാണ് എയർ ഇന്ത്യ എക്സ്പ്രസ്സ്. ഓരോരുത്തരുടേയും വിമാന യാത്രകളുടെ എണ്ണം അടിസ്ഥാനമാക്കി ഏവിയേറ്റർ, എക്സ്പ്ലോറർ, ഹൈഫ്ളയർ, ജെറ്റ്സെറ്റർ എന്നിങ്ങനെ നാല് വിഭാഗങ്ങളായി തിരിച്ചാണ് ഈ ലോയൽറ്റി പദ്ധതി.

ആദ്യതട്ടായ ഏവിയേറ്റർ വിഭാഗത്തിലേക്ക് ജോയിനിംഗ്, റിന്യൂവൽ ഫീ ഇല്ലാതെയുള്ള ആജീവനാന്ത അംഗത്വം ലഭിക്കും. ചെലവഴിക്കുന്ന ഓരോ 100 രൂപയ്ക്കും എട്ട് ന്യൂ കോയിനുകൾ നേടാം. വിമാന ടിക്കറ്റ് എടുക്കുമ്പോഴോ വിവിധ റീട്ടെയിൽ, ഇ കൊമേഴ്സ്, ഹോസ്പിറ്റാലിറ്റി, ഡൈനിംഗ്, ഫുഡ് ഡെലിവറി, ഹെൽത്ത് കെയർ മേഖലകളിലോ ഒരു കോയിന് ഒരു രൂപ എന്ന നിരക്കിൽ ന്യൂ കോയിൻ ഉപയോഗപ്പെടുത്താമെന്ന് എയർ ഇന്ത്യ അധികൃതർ വ്യക്തമാക്കി.

ടാറ്റ ന്യൂപാസ് അംഗങ്ങൾക്ക് ആഭ്യന്തര, അന്താരാഷ്ട്ര വിമാന ടിക്കറ്റുകൾ ബുക്ക് ചെയ്യുമ്പോൾ നാല് ശതമാനം വരെയും സീറ്റ്, ഭക്ഷണം, അധിക ബാഗേജ് എന്നിവയ്ക്ക് 30 ശതമാനം വരെ ഡിസ്കൗണ്ടും മുൻഗണന സേവനങ്ങളും ലഭിക്കും. കൂടാതെ വെബ്സൈറ്റിൽ ലോഗിൻ ചെയ്യുന്നവർക്ക് 500 രൂപയുടെ അധിക ഡിസ്കൗണ്ടും ലഭിക്കും.

അർഹരായ ഓരോ ലോയൽറ്റി അംഗത്തിനും എയർ ഇന്ത്യ എക്സ്പ്രസിലെ അഞ്ചാമത്തെ വിമാന യാത്ര മുതൽ 2500 രൂപയുടേയും പത്താമത്തെ വിമാന യാത്രയ്ക്ക് ശേഷം 5000 രൂപയുടേയും വിമാനയാത്രാ വൗച്ചറുകളും ലഭിക്കും. എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലൂടെയോ (airindiaexpress.com) മൊബൈൽ ആപ്പിലൂടെയോ ഈ ലോയൽറ്റി പദ്ധതിയിൽ ചേരാം.

# മോട്ടറോള എഡ്ജ് 70 പ്രോ പുറത്തിറക്കി



**കൊച്ചി:** മോട്ടറോള തങ്ങളുടെ പുതിയ സ്മാർട്ട്ഫോണായ മോട്ടറോള എഡ്ജ് 70 പ്രോ പുറത്തിറക്കി. മികച്ച ലോ-ലൈറ്റ് ഫോട്ടോഗ്രാഫിക്കും എഐ ഫീച്ചറുകൾക്കും മുൻഗണന നൽകിയാണ് ഈ ഫോൺ രൂപകൽപ്പന ചെയ്തിരിക്കുന്നത്. 50 എംപി സോണി ലിറ്റിയ 710 മെയിൻ ക്യാമറ, 50 എംപി അൾട്രാ വൈഡ്-മാക്രോ ലെൻസ്, 50 എംപി ഫ്രണ്ട് ക്യാമറ എന്നിവയടങ്ങുന്ന ട്രിപ്പിൾ 50 എംപി പ്രോ-ഗ്രേഡ് ക്യാമറ സിസ്റ്റമാണ് ഇതിന്റെ പ്രധാന സവിശേഷത. എല്ലാ ക്യാമറകളിലും 4കെ 60 എഫ്പിഎസ് വീഡിയോ റെക്കോർഡിംഗും, യഥാർത്ഥ നിറങ്ങൾ ഒപ്പിയെടുക്കാൻ പാന്റോൺ വാലിഡേറ്റഡ് സപ്പോർട്ടും മോട്ടോ എഐയുടെ പിൻബലവും ഫോണിലുണ്ട്.

മീഡിയടെക് ഡൈമെൻസിറ്റി 8500 എക്സ്ട്രീം പ്രൊസസറാണ് എഡ്ജ് 70 പ്രോയ്ക്ക് കരുത്തേകുന്നത്. 12 ജിബി റാമും 256 ജിബി സ്റ്റോറേജുമുള്ള ഇതിൽ, 6.8 ഇഞ്ച് 144 ഹെർട്സ് 1.5കെ ട്രൂ കളർ ക്വാഡ്-കർവ്ഡ് അമോലെഡ് ഡിസ്പ്ലേയാണുള്ളത് (5200 നിറ്റ്സ് പീക്ക് ബ്രൈറ്റ്നെസ്). വെറും 6.99 എംഎം മാത്രം കനമുള്ള അൾട്രാ-സ്ലിം ഡിസൈൻ ആണെങ്കിലും 6500 എംഎഎച്ച് വലുപ്പമുള്ള സിലിക്കൺ-കാർബൺ ബാറ്ററിയാണ് ഇതിൽ നൽകിയിരിക്കുന്നത്. 90 വാട്ട് ടർബോപവർ ഫാസ്റ്റ് ചാർജിംഗ് പിന്തുണയുള്ളതിനാൽ, വെറും 9 മിനിറ്റ് ചാർജ് ചെയ്താൽ ഒരു ദിവസത്തേക്ക് ആവശ്യമായ ബാറ്ററി പവർ ലഭിക്കുമെന്ന് കമ്പനി അവകാശപ്പെടുന്നു.

പാന്റോൺ നിറങ്ങളിൽ സാറ്റിൻ, ഫാബ്രിക്, മാർബിൾ ഫിനിഷുകളിൽ ഫോൺ ലഭ്യമാണ്. ഐപി68, ഐപി69 വാട്ടർ-ഡസ്റ്റ് റെസിസ്റ്റൻസ് റേറ്റിംഗും എംഐഎൽ-810എച്ച് മിലിട്ടറി ഗ്രേഡ് സുരക്ഷയും ഫോണിനുണ്ട്. കോർണിംഗ് ഗൊറില്ല ഗ്ലാസ് 7ഐ ആണ് സ്ക്രീനിന് സംരക്ഷണം നൽകുന്നത്. ഇതിനെല്ലാം പുറമെ, മോട്ടോ എഐ 2.0, ഗൂഗിൾ ജെമിനി, കോപൈലറ്റ് എന്നിവയുടെ പിന്തുണയോടെ ഇമേജ് ജനറേഷൻ, ലൈവ് ട്രാൻസ്ക്രിപ്ഷൻ ഉൾപ്പെടെയുള്ള നിരവധി മികച്ച എഐ ഫീച്ചറുകളും മോട്ടറോള എഡ്ജ് 70 പ്രോ ഉപയോക്താക്കൾക്ക് നൽകുന്നു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com